**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1421** **03-02-2026 - ൽ മറുപടിയ്ക്ക്**

**യു.ഐ.ഡി. പ്രകാരമുള്ള തസ്തിക നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2025-26 അധ്യയനവർഷത്തെ ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കി സമന്വയയിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി 2025 ആഗസ്റ്റ് 20 വരെ ദീർഘിപ്പിച്ചുനൽകുവാനും തസ്തിക നിർണ്ണയം (അധിക തസ്തിക ഉൾപ്പെടെ) 2025 ആഗസ്റ്റ് 25-നുള്ളിൽ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാനും നിർദേശം നൽകിയിട്ടുണ്ടെന്ന് ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി നിർദേശം നൽകിയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിലുണ്ടോ; ആയതനുസരിച്ച് തസ്തിക നിർണയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; | (എ) | ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 18.8.2025 തീയതിയിലെ GO(Ms)141/2025/GEDN നമ്പർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | 2025-26 അധ്യയന വർഷത്തിലെ തസ്തിക നിർണയത്തിൽ യു.ഐ.ഡി. ഇല്ലാത്ത കുട്ടികളെ പരിഗണിക്കാത്തതുകാരണം തസ്തിക നഷ്ടപ്പെട്ട അധ്യാപക/അനധ്യാപക ജീവനക്കാരുടെ ആകെ എണ്ണം സംബന്ധിച്ച വിവരം, പ്രസ്തുത ജീവനക്കാരെ നിലനിർത്തുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എന്നീ വിവരങ്ങൾ 30.09.2025 തീയതിയ്ക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ് എന്ന 25.09.2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് ലഭ്യമാക്കിയ വിവരം എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | 2025-26 അധ്യയന വർഷത്തിലെ തസ്തിക നിർണയത്തിൽ യു.ഐ.ഡി. ഇല്ലാത്ത കുട്ടികളെ പരിഗണിക്കാത്തതുകാരണം സർക്കാർ സ്കൂളുകളിൽ 75 തസ്തികകളും ഇത്രയും തസ്തികകൾ നിലനിർത്തുന്നതിലൂടെ സർക്കാരിന് 4,08,41,715/- രൂപ സാമ്പത്തിക ബാധ്യതയും, എയ്ഡഡ് സ്കൂളുകളിൽ 128 തസ്തികകളും തസ്തിക നഷ്ടപ്പെട്ട അധ്യാപക/അനധ്യാപകരെ നിലനിർത്തുന്നതിലൂടെ സർക്കാരിന് 6,95,57,076/- രൂപ ബാധ്യതയുമാണ് ഉണ്ടാകുന്നത് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.യ്ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും പിന്നീട് 14.07.2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-26 | (സി) | ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.യ്ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും പിന്നീട് 14.07.2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-26 |

| | | | |
|---|---|---|---|
| | അധ്യയന വർഷത്തെ തസ്തിക നിർണയത്തിൽ ഉൾപ്പെടുത്തി, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി തസ്തിക പുനർനിർണയം ചെയ്യുന്നതിന് അനുമതി നൽകുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് എന്ന 25.09.2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | | അധ്യയന വർഷത്ത തസ്തിക നിർണയത്തിൽ ഉൾപ്പെടുത്തി, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി തസ്തിക പുനർനിർണയം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിലവിൽ തുടർന്നുവരുന്ന തസ്തിക നിർണയ നടപടികൾ പ്രായോഗികമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് ഒരു പഠനം നടത്തി വിശദമായ ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുവാൻ ഒരു ഉന്നതതല സമിതിയും പ്രസ്തുത സമിതിയെ സഹായിക്കാനായി ഒരു സബ് കമ്മിറ്റിയും രൂപീകരിക്കാനും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന ഉടൻതന്നെ ഇതുസംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന 25.09.2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് രൂപീകരിച്ച സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | 25.09.2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും റിപ്പോർട്ട് തയാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | 2025-26 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കി സമന്വയയിൽ അപ്‌ലോഡ് ചെയ്തിട്ടും സ്കൂളിൽ തസ്തികയ്ക്ക് വേണ്ടിയുള്ള കുട്ടികൾ ഉണ്ടായിട്ടും യു.ഐ.ഡി. ആറാം പ്രവൃത്തിദിനം കിട്ടിയില്ല എന്ന സാങ്കേതികത്വത്തിൽ തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ സ്കൂളിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ഇ) | അധ്യയന വർഷം ആരംഭിച്ച് ആറാം പ്രവൃത്തി ദിനത്തിലെ കുട്ടികളുടെ വാലിഡ് UID അടിസ്ഥാനമാക്കി വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കിയാണ് KER അധ്യായം 23 ചട്ടം 12 പ്രകാരം തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നത്. 2025-2026 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള Invalid യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കി സമന്വയയിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി 2025 ആഗസ്റ്റ് 20 വരെ ദീർഘിപ്പിച്ചു നൽകികൊണ്ട് സ.ഉ.(കൈ)1 41/2025/പൊ.വി.വ തീയതി 18.08.2025 പ്രകാരം ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ, ഈ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണയം (അധിക തസ്തിക ഉൾപ്പെടെ) പുനർനിർണയിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും നിർദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | ഇപ്രകാരം തസ്തിക നഷ്ടപ്പെട്ട് വിദ്യാലയങ്ങളിൽ നിന്ന് പുറത്തുപോയ അധ്യാപകരെ സ്കൂളിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്ത് | (എഫ്) | കൂടാതെ ആറാം പ്രവൃത്തിദിനത്തിൽ റോളി ൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.യ്ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും പിന്നീട് 14.07.2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-26 |

| | | | |
|---|---|---|---|
| | നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | | അധ്യയന വർഷത്തെ തസ്തിക നിർണയത്തിൽ ഉൾപ്പെടുത്തി, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി തസ്തിക പുനർനിർണയം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2025-2026 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയം - അധിക നിർദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ.) വകുപ്പ്**

സ.ഉ.(കൈ) നം.141/2025/GEDN തീയതി,തിരുവനന്തപുരം, 18-08-2025

---

പരാമർശം:- 1. 18.04.2022 തീയതിയിലെ സ.ഉ (പി) 5/2022/പൊ.വി.വ സർക്കാർ ഉത്തരവ്.

2. 24.05.2025 തീയതിയിലെ സ.ഉ (പി) 92/2025/പൊ.വി.വ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (2) പ്രകാരം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2025-2026 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയം നടത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കെ.ഇ.ആർ അദ്ധ്യായം XXIII, ചട്ടം 12 ൽ വരുത്തിയ ഭേദഗതി പ്രകാരം (SRO 375/2022) ഓരോ അധ്യയന വർഷവും ആറാം പ്രവൃത്തി ദിനത്തിൽ പ്രവേശനം നേടുന്ന യു.ഐ.ഡി. ഉള്ള കുട്ടികളുടെ എണ്ണമാണ് തസ്തിക നിർണയത്തിന് പരിഗണിക്കുന്നത്. 2025-2026 അധ്യയന വർഷത്തിൽ Invalid യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി., വാലിഡ് ആക്കി സമന്വയയിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതിന് വിവിധ കോണുകളിൽ നിന്നും ആവശ്യം ഉയർന്നു വന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025-2026 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള Invalid യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കി സമന്വയയിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി 2025 ആഗസ്റ്റ് 20 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ഈ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം (അധിക തസ്തിക ഉൾപ്പെടെ) ആഗസ്റ്റ് 25 നുള്ളിൽ പുനർ നിർണ്ണയിച്ചു ഉത്തരവ് പുറപ്പെടുവിക്കുവാൻ അനുമതി നൽകുന്നു. ഈ നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറും,കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ വാസുകി കെ ഐ എ എസ്

സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം

ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന).

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.